**മധുരമായ കുട്ടികളെ - ഈ സമയം നിരകാരനായ ബാബ സാകാരത്തിൽ പ്രവേശിച്ച് നിങ്ങളെ അലങ്കരിക്കുകയാണ്, ഒറ്റയ്ക്കല്ല.**

**ചോദ്യം -** നിങ്ങൾ കുട്ടികൾ എന്തിനാണ് ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നത് ?
**ഉത്തരം -** 1)കാരണം നിങ്ങൾക്കറിയാം ഈ ഓർമ്മയിലൂടെ തന്നെയാണ് നമ്മൾക്ക് വളരെ ഉയർന്ന ആയുസ്സ് ലഭിക്കുന്നത്, നാം നിരോഗിയായിത്തീരുന്നത്. 2)ഓർമ്മിക്കുന്നതിലൂടെ നമ്മുടെ പാപം നശിക്കുന്നു. നമ്മൾ സത്യമായ സ്വർണ്ണമായിത്തീരുന്നു. ആത്മാവിൽ നിന്നും രജോ-തമോയുടെ അഴുക്ക് ഇളകിപ്പോകുന്നു, അത് പവിത്രമായി മാറുന്നു. 3)ഓർമ്മയിലൂടെത്തന്നെയാണ് നിങ്ങൾ പാവനലോകത്തിന്റെ അധികാരിയായിത്തീരുന്നത്. 4)നിങ്ങൾ അലങ്കരിക്കപ്പെടുന്നു. 5)നിങ്ങൾ വളരെയധികം ധനവാനായി ത്തീരുന്നു. ഈ ഓർമ്മ തന്നെയാണ് നിങ്ങളെ കോടിമടങ്ങ് ഭാഗ്യശാലികളാക്കി മാറ്റുന്നത്.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ്. ഇവിടെയിരുന്നുകൊണ്ട് നിങ്ങൾ എന്താണ് ചെയ്യുന്നത്? കേവലം ശാന്തിയിൽ ഇരിക്കുകയല്ല. അർത്ഥസഹിതം ജ്ഞാനമയമായ അവസ്ഥയിലാണ് ഇരിക്കുന്നത്. നമ്മൾ എന്തുകൊണ്ടാണ് ബാബയെ ഓർമ്മിക്കുന്നത് എന്ന ജ്ഞാനം നിങ്ങൾ കുട്ടികൾക്കുണ്ട്. ബാബ നമുക്ക് വളരെ വലിയ ആയുസ്സാണ് നൽകുന്നത്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നമ്മുടെ പാപം നശിക്കുന്നു. നമ്മൾ സത്യമായ സ്വർണ്ണവും സതോപ്രധാനവുമായി തീരുന്നു. നിങ്ങൾ എത്രയാണ് അലങ്കരിക്കപ്പെടുന്നത്. നിങ്ങളുടെ ആയുസ്സ് വർദ്ധിക്കുന്നു. ആത്മാവ് സ്വർണ്ണത്തിന് സമാനമാവുന്നു. ഇപ്പോൾ ആത്മാവിൽ കറ പറ്റിയിട്ടുണ്ട്. ഓർമ്മയുടെ യാത്രയിലൂടെ രജോ-തമോ ആയ എല്ലാ കറകളും ഇല്ലാതാകും. നിങ്ങൾക്ക് അത്രയ്ക്കും പ്രയോജനം ഉണ്ടാകുന്നു. പിന്നീട് ആയുസ്സും ഉയർന്നതാകുന്നു. നിങ്ങൾ സ്വർഗ്ഗീയവാസികളായിത്തീരുന്നു വളരെ ധനവാനായി മാറുന്നു. നിങ്ങൾ കോടിമടങ്ങ് ഭാഗ്യശാലികളാകും അതുകൊണ്ട് ബാബ പറയുന്നു മന്മനാഭവ, എന്നെ മാത്രം ഓർമ്മിക്കൂ. ഇത് ഏതൊരു ദേഹധാരിയുമല്ല പറയുന്നത്. ബാബയ്ക്കു തന്റേതായ ശരീരമില്ല. നിങ്ങൾ ആത്മാക്കളും നിരാകാരികളായിരുന്നു. പിന്നീട് പുനർജന്മത്തിലേക്ക് വന്ന്-വന്ന് പവിഴ ബുദ്ധിയിൽ നിന്നും കല്ലുബുദ്ധികളായിത്തീർന്നു. ഇപ്പോൾ വീണ്ടും സ്വർണ്ണത്തിനു സമാനമായി മാറണം. ഇപ്പോൾ നിങ്ങൾ പവിത്രമായിക്കൊണ്ടിരിക്കുകയാണ്. ജന്മജന്മാന്തരം വെള്ളത്തിൽ സ്നാനം ചെയ്ത് വന്നു. ഇതിലൂടെയാണ് പാവനമാകുന്നതെന്ന് മനസ്സിലാക്കി. പക്ഷേ പാവനമാകുന്നതിനു പകരം വീണ്ടും പതിതമായി കഷ്ടപ്പാടിലകപ്പെട്ടിരിക്കുകയാണ് കാരണം ഇത് കപടമായ മായ തന്നെയാണ്, എല്ലാവരിലും അസത്യം പറയുന്ന സംസ്കാരമുണ്ട്. ബാബ പറയുന്നു ഞാൻ നിങ്ങളെ പാവനമാക്കിത്തീർക്കുന്നു പിന്നീട് ആരാണ് നിങ്ങളെ പതീതമാക്കുന്നത്? ഇപ്പോൾ നിങ്ങൾക്ക് അനുഭവമായില്ലേ. എത്ര തവണ ഗംഗാസ്നാനം ചെയ്തുവന്നു പക്ഷേ പാവനമായില്ലല്ലോ. പാവനമായി എങ്കിൽ പാവന ലോകത്തേക്ക് പോകേണ്ടതായി വരും. ശാന്തിധാമവും സുഖധാമവുമാണ് പാവനലോകം. ഇത് രാവണന്റെ ലോകമാണ്, ഇതിനെ ദു:ഖധാമമെന്നാണ് പറയുന്നത്. ഇതെല്ലാം തന്നെ സഹജമായും മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഇതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ആർക്കും കേൾപ്പിച്ചു കൊടുക്കുന്ന കാര്യത്തിലും ബുദ്ധിമുട്ടില്ല. ആരെ കാണുമ്പോഴും അവരോടും കേവലം ഇങ്ങനെ പറയൂ, സ്വയം ആത്മാവാണെന്നു മനസ്സിലാക്കി പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ. ആത്മാക്കളുടെ പിതാവാണ് പരമപിതാ പരമാത്മാവായ ശിവൻ. ഓരോരുത്തരുടെയും ശരീരത്തിന് വേറെ-വേറെ പിതാക്കന്മാരാണ്. ആത്മാക്കൾക്ക് ഒരേയൊരു പിതാവാണ്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത് അതും ബാബ ഹിന്ദി ഭാഷയിലാണ് മനസ്സിലാക്കിത്തരുക. ഹിന്ദി ഭാഷ തന്നെയാണ് മുഖ്യമായുള്ളത്. നിങ്ങൾ ഈ ദേവീ-ദേവതകളെയാണ് കോടിമടങ്ങ് ഭാഗ്യശാലികളെന്നു പറയുന്നത്. ഇവർ എത്ര ഭാഗ്യശാലികളാണ്. ഇവർ എങ്ങനെ സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീർന്നു എന്നുള്ളത് ആർക്കും തന്നെ അറിയില്ല. ഇപ്പോൾ ബാബയാണ് നിങ്ങൾക്ക് കേൾപ്പിച്ചു തരുന്നത്. ഈ സഹജമായ യോഗത്തിലൂടെ ഈ പുരുഷോത്തമ സംഗമയുഗത്തിൽ തന്നെയാണ് ഇതുപോലെയായി ത്തീരുന്നത്. ഇപ്പോൾ പഴയ ലോകത്തിന്റെയും പുതിയ ലോകത്തിന്റെയും സംഗമമാണ്. പിന്നീട് നിങ്ങൾ പുതിയ ലോകത്തിന്റെ അധികാരിയായിത്തീരുന്നു. ഇപ്പോൾ ബാബ കേവലം ഇത് പറയുന്നു രണ്ടക്ഷരം അർത്ഥസഹിതം ഓർമ്മിക്കൂ. ഗീതയിൽ മന്മനാഭവ എന്നുണ്ട്. എല്ലാവരും വായിക്കുന്നുണ്ടെങ്കിലും അതിന്റെ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, കാരണം ഞാനാണ് പതിതപാവനൻ, ഇങ്ങനെ പറയാൻ മറ്റാർക്കും തന്നെ സാധിക്കില്ല. ബാബ തന്നെയാണ് പറയുന്നത് എന്നെ ഓർമ്മിക്കുന്നതിലൂടെ പാവനമായിത്തീർന്ന് പാവനലോകത്തിലേക്ക് പോകും. ആദ്യമാദ്യം നിങ്ങൾ സതോപ്രധാനമായിരുന്നു, പിന്നീട് പുനർജന്മങ്ങൾ എടുത്തെടുത്ത് തമോപ്രധാനമായിത്തീർന്നു.

ഇപ്പോൾ 84 ജന്മങ്ങൾക്കു ശേഷം നിങ്ങൾ വീണ്ടും പുതിയ ലോകത്തിൽ ദേവതകളാകുന്നു.

രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും നിങ്ങൾക്ക് അറിഞ്ഞുകഴിഞ്ഞു. നിങ്ങൾ ഇപ്പോൾ ആസ്തികരായി മാറിയിരിക്കുകയാണ്. മുമ്പ് ജന്മജന്മാന്തരങ്ങളായി നിങ്ങൾ നാസ്തികരാണ്. ബാബ കേൾപ്പിച്ചുതരുന്ന ഈ കാര്യത്തെ മറ്റാർക്കും തന്നെ അറിയില്ല. നിങ്ങൾ എവിടേക്കു പോയാലും ആരും നിങ്ങൾക്ക് ഇങ്ങനെയുളള കാര്യങ്ങൾ കേൾപ്പിച്ചു തരുകയില്ല. ഇപ്പോൾ രണ്ടച്ഛന്മാരും നിങ്ങളെ അലങ്കരിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യം ബാബ ഒറ്റയ്ക്കായിരുന്നു. ശരീരം ഇല്ലായിരുന്നു. മുകളിലിരുന്നുകൊണ്ട് നിങ്ങളെ അലങ്കരിക്കാൻ സാധിക്കില്ലല്ലോ. ഇങ്ങനെ പറയാറുണ്ട് – ഒന്നും രണ്ടും ചേരുമ്പോൾ പന്ത്രണ്ടാകുന്നു. ബാക്കി ഇതിൽ പ്രേരണ അഥവാ ശക്തിയുടെ കാര്യമില്ല. മുകളിൽ നിന്നും പ്രേരണയിലൂടെ ലഭിക്കുകയില്ല. നിരാകാരൻ എപ്പോഴാണോ സാകാരശരീരത്തെ ആധാരമാക്കിയെടുക്കുന്നത് അപ്പോഴാണ് നിങ്ങളെ അലങ്കരിക്കുന്നത്. ബാബ നമ്മെ സുഖധാമത്തിലേക്ക് കൊണ്ടുപോകുന്നു എന്ന് മനസ്സിലാക്കുന്നുണ്ട്. ഡ്രാമാപ്ലാൻ അനുസരിച്ച് ബാബ ബന്ധിതനാണ്, ബാബയ്ക്ക് ആ കർത്തവ്യമാണ് ലഭിച്ചിരിക്കുന്നത്. നിങ്ങൾ കുട്ടികൾക്കു വേണ്ടി ഓരോ 5000 വർഷങ്ങൾക്കു ശേഷവും വരുന്നുണ്ട്. ഈ യോഗബലത്തിലൂടെ നിങ്ങൾ സ്വർണ്ണത്തിനു സമാനമായി മാറുന്നു. ആത്മാവും ശരീരവും രണ്ടും സ്വർണ്ണത്തിനു സമാനമായിത്തീരുന്നു പിന്നീട് മോശമാവുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ സാക്ഷാത്കാരം ചെയ്യുകയാണ് – ഈ പുരുഷാർത്ഥത്തിലൂടെ നിങ്ങൾ അങ്ങനെ അലങ്കരിക്കപ്പെട്ടവരായിത്തീരുന്നു. അവിടെ വികാരി ദൃഷ്ടിയുണ്ടാകുന്നില്ല. എല്ലാ അവയവങ്ങളും മറയ്ക്കുന്ന വസ്ത്രധാരണമായിരിക്കും. ഇവിടെ നോക്കൂ രാവണരാജ്യത്തിൽ എത്ര മോശമായ കാര്യങ്ങളാണ് പഠിക്കുന്നത്. ഈ ലക്ഷ്മി–നാരായണന്റെ വസ്ത്രങ്ങൾ നോക്കൂ എത്ര നല്ലതാണ്. ഇവിടെയുളളവരെല്ലാവരും ദേഹാഭിമാനികളാണ്. അവരെ ഒരിക്കലും ദേഹാഭിമാനികളെന്നു പറയില്ല. അവരുടെത് സ്വാഭാവിക സൗന്ദര്യമാണ്. ബാബ നിങ്ങളെ ഇവർക്കു സമാനം പ്രകൃതി ദത്തമായ സൗന്ദര്യമുളളവരാക്കി മാറ്റുകയാണ്. ഇന്നത്തെക്കാലത്ത് ആരും തന്നെ സത്യമായ ആഭരണങ്ങൾ അണിയുന്നില്ല. ആരെങ്കിലും അണിയുകയാണെങ്കിൽ തന്നെ അത് കൊളളയടിക്കപ്പെടുന്നു. അവിടെ (സത്യയുഗത്തിൽ) അങ്ങനെയുളള കാര്യമൊന്നുമില്ല. ഇങ്ങനെയൊരു അച്ഛനെ നിങ്ങൾക്ക് ലഭിച്ചിരിക്കയാണ്,ബാബയില്ലാതെ നിങ്ങൾക്ക് ഇതുപോലെയാകാൻ സാധിക്കില്ല. ഞങ്ങൾ നേരിട്ട് ശിവബാബയിൽ നിന്നാണ് നേടുന്നതെന്ന് വളരെയധികം പേർ പറയുന്നുണ്ട്. പക്ഷെ ശിവബാബക്ക് എങ്ങനെ തരാൻ കഴിയും. എന്നാൽ ശ്രമിച്ച് നോക്കൂ, നേരിട്ട് ചോദിച്ചോളൂ. കിട്ടുമോ എന്ന് നോക്കൂ! അങ്ങനെ പലരും പറയുന്നുണ്ട്–ഞങ്ങൾ ശിവബാബയിൽ നിന്ന് നേരിട്ടെടുക്കും, ബ്രഹ്മാവിനോട് ചോദിക്കേണ്ട ആവശ്യമെന്താണ്. ശിവബാബ പ്രേരണയിലൂടെ എന്തെങ്കിലും നൽകുമോ! നല്ല–നല്ല പഴയ കുട്ടികളെ പോലും മായ ഒറ്റയടിക്ക് വെട്ടിമുറിക്കും. ഒന്നിനെ മാത്രം അംഗീകരിക്കും, പക്ഷേ ഒരാൾക്കു മാത്രം എന്തു ചെയ്യാൻ കഴിയും?. ബാബ പറയുന്നു എനിക്ക് ഒരാൾക്കു മാത്രം എങ്ങനെ വരാൻ കഴിയും? നാവില്ലാതെ എങ്ങനെ സംസാരിക്കുവാൻ സാധിക്കും? മുഖത്തിന് മഹിമയുണ്ടല്ലോ. ഗോമുഖത്തിൽ നിന്നും അമൃത് നേടുന്നതിനായി എത്ര ദൂരത്തു നിന്നാണ് മനുഷ്യർ ബുദ്ധിമുട്ടി എത്തിച്ചേരുന്നത്. പിന്നീട് ശ്രീനാഥ് കവാടത്തിൽ പോയി ദർശനം നടത്തുന്നു. പക്ഷേ അതിനെ ദർശിക്കുന്നതിലൂടെ മാത്രം എന്താകാനാണ്. അതിനെയാണ് ഭൂതപൂജയെന്നു പറയുന്നത്. അതിൽ ആത്മാവൊന്നുമില്ലല്ലോ. ബാക്കി പഞ്ചതത്വ നിർമ്മിതമായ ശരീരത്തെയാണ് പൂജിക്കുന്നത് അർത്ഥം മായയെ ഓർമ്മിക്കുന്നതിനു സമാനമായി. പഞ്ചതത്വങ്ങളും പ്രകൃതിയല്ലേ. അതിനെ ഓർമ്മിക്കുന്നതിലൂടെ എന്തുണ്ടാകാനാണ്? എല്ലാവരും പ്രകൃതിയുടെ ആധാരമാണ് എടുത്തിരിക്കുന്നത്, പക്ഷേ അവിടെ(സത്യയുഗത്തിൽ) പ്രകൃതി സതോപ്രധാനമായിരിക്കും. ഇവിടെ തമോപ്രധാന പ്രകൃതിയാണ്. ബാബയ്ക്ക് ഒരിക്കലും സതോപ്രധാന പ്രകൃതിയുടെ(ശരീരം) ആധാരമെടുക്കുവാൻ സാധിക്കില്ല. ഇവിടെ ഒരിക്കലും സതോപ്രധാന പ്രകൃതി(ശരീരം) ലഭിക്കുകയില്ല. ബാബ പറയുന്നു ഇവിടെയുളള സാധു–സന്യാസിമാരുടെയും ഉദ്ധാരണം എനിക്കു ചെയ്യേണ്ടതായി വരുന്നു. ഞാൻ ഒരിക്കലും നിവൃത്തിമാർഗ്ഗത്തിലേക്കു വരുന്നില്ല. ഇത് പ്രവൃത്തിമാർഗ്ഗമാണ്. എല്ലാവരോടും പവിത്രമായിത്തീരണം എന്നു പറയുന്നു. അവിടെ സത്യയുഗത്തിൽ പേരിനും രൂപത്തിനുമെല്ലാം മാറ്റം സംഭവിക്കുന്നു. അപ്പോൾ നോക്കൂ ഈ നാടകം എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുളളതെന്ന് ബാബ മനസ്സിലാക്കിത്തരുകയാണ്. ഒരാളുടെ സ്വഭാവം മറ്റൊരാളുടേതിന് സാമ്യമായിരിക്കില്ല. ഇത്രയും കോടിക്കണക്കിനു ആളുകളുടെയും രൂപങ്ങൾ വ്യത്യസ്തമായിരിക്കും. ആര് എന്തുതന്നെ ചെയ്താലും ഒരാളുടെ സവിശേഷതകൾ മറ്റൊരാളിന്റേതുപോലെയാവുകയില്ല. ഇതിനെയാണ് പറയുന്നത് പ്രകൃതിയുടെ അത്ഭുതമെന്ന്. സ്വർഗ്ഗത്തെയാണ് മഹാത്ഭുതമെന്നു പറയുന്നത്. എത്ര ശോഭനീയമാണ്. മായയുടെ ഏഴു മഹാത്ഭുതങ്ങളുണ്ട് പക്ഷേ ബാബയുടെ ഒരു അത്ഭുതമെയുളളൂ. ഈ ഏഴു അത്ഭുതങ്ങളും തുലാസ്സിലെ ഒരു തട്ടിൽ വെയ്ക്കൂ, സ്വർഗ്ഗമാകുന്ന മഹാത്ഭുതം മറ്റേ തട്ടിലും, ഇതിനാണ് ഭാരം കൂടുക. അതേപോലെ ഒരു വശത്ത് ജ്ഞാനത്തെയും മറുവശത്ത് ഭക്തിയെയും വെയ്ക്കുകയാണെങ്കിലും ജ്ഞാനത്തിന്റെ വശത്താണ് ഭാരം

കൂടുക. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ഭക്തി പഠിപ്പിക്കുന്നവർ ധാരാളമുണ്ട്. ജ്ഞാനം നൽകുന്ന ആൾ ഒരേയൊരു ബാബയാണ്. അപ്പോൾ ബാബ കുട്ടികളെ പഠിപ്പിക്കുകയാണ്, അലങ്കരിക്കുകയാണ്. ബാബ പവിത്രമാകുന്നതിനായി പറയുമ്പോൾ പറയുന്നു – ഇല്ല, ഞങ്ങൾ വികാരിയായി ജീവിക്കും. ഗരുഢപുരാണത്തിലും വിഷയവൈതരണി നദിയെക്കുറിച്ച് പറയുന്നുണ്ട്. തേൾ, പഴുതാര, സർപ്പം എന്നിവയെല്ലാം കടിക്കുമെന്നുള്ളതിനെക്കുറിച്ച് പറയുന്നുണ്ട്. ബാബ പറയുന്നു നിങ്ങൾ എത്ര നിർധനരായിത്തീർന്നിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കു തന്നെയാണ് ബാബ മനസ്സിലാക്കിത്തരുന്നത്. പുറമെയുള്ള മനുഷ്യരോട് ഇങ്ങനെ നേരിട്ട് പറയുകയാണെങ്കിൽ അവർ പിണങ്ങിപ്പോകുന്നു. വളരെ യുക്തിപൂർവ്വം അവർക്ക് മനസ്സിലാക്കി കൊടുക്കണം. പല കുട്ടികൾക്കും മനസ്സിലാക്കി കൊടുക്കുന്നതിന്റെ വിവേകം തന്നെയില്ല. ചെറിയ കുട്ടികൾ വളരെ നിഷ്കളങ്കരായിരിക്കും അതുകൊണ്ട് അവരെ മഹാത്മാക്കളെന്നു പറയുന്നു. നിവൃത്തിമാർഗ്ഗത്തിലുള്ള സന്യാസിമാരെ മഹാത്മാക്കളെന്നു പറയുമ്പോൾ കൃഷ്ണനാകുന്ന മഹാത്മാവ് എത്ര ഉയർന്നതാണ്. കൃഷ്ണൻ പ്രവൃത്തിമാർഗ്ഗത്തിലുള്ള ആളാണ്. കൃഷ്ണൻ ഒരിക്കലും ഭ്രഷ്ടാചാരത്തിലൂടെയല്ല ജന്മമെടുത്തത്. കൃഷ്ണനെ ശ്രേഷ്ഠാചാരിയെന്നാണ് പറയുന്നത്. കുട്ടികൾക്കറിയാം ഇവിടെ ബാപ്ദാദ ഒരുമിച്ചാണ്. ഇദ്ദേഹം തീർച്ചയായും സ്വയത്തെ നന്നായി അലങ്കരിക്കുമല്ലോ. ഇവരെ ഇങ്ങനെ ആരാണോ അലങ്കരിച്ചത് അവരെ എനിക്കും പോയി കാണണം എന്ന് എല്ലാവരുടെയും മനസ്സിലുണ്ടാകുമല്ലോ. അതുകൊണ്ടാണ് നിങ്ങൾ ഇവിടേക്ക് റീഫ്രെഷാ കുന്നതിനായി വരുന്നത്. ബാബയുടെ അടുത്തേക്കു വരുന്നതിനായി ഹൃദയം ആകർഷിക്കുന്നു. ആർക്കാണോ പൂർണ്ണ നിശ്ചയമുള്ളത് അവർ പറയുന്നു, എത്ര സഹിച്ചാലും എന്തു തന്നെ സംഭവിച്ചാലും ഞങ്ങൾ ഒരിക്കലും അങ്ങയുടെ കൈ ഉപേക്ഷിക്കുകയില്ല. ചിലർ ഒരു കാരണവുമില്ലാതെ തന്നെ ഉപേക്ഷിച്ചു പോകുന്നു. ഇതും ഡ്രാമയുടെ കളി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ബാബയോട് വിടപറയുന്നു അഥവാ ഡൈവോഴ്സ് ചെയ്യുന്നു.

ബാബയ്ക്കറിയാം ഇവർ രാവണന്റെ വംശത്തിലുള്ളവരാണ്, കല്പകല്പം ഇങ്ങനെത്തന്നെ ചെയ്യുന്നു. ചിലർ പിന്നീട് തിരിച്ചുവരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ബാബയുടെ കൈ ഉപേക്ഷിക്കുന്നതിലൂടെ പദവി കുറയുന്നു. സമ്മുഖത്തിലേക്ക് വന്ന് പ്രതിജ്ഞ ചെയ്യുന്നു – ഞങ്ങൾ ഇങ്ങനെയൊരു അച്ഛനെ ഒരിക്കലും ഉപേക്ഷിക്കില്ല. പക്ഷേ മായാരാവണനും ഒട്ടും കുറവല്ല. പെട്ടെന്നു തന്നെ തന്നിലേക്ക് പിടിച്ചു വലിക്കുന്നു. പിന്നീട് സമ്മുഖത്തേക്കു വരുമ്പോൾ മനസ്സിലാക്കി കൊടുക്കുന്നു. ബാബ ഒരിക്കലും വടി കൊണ്ട് അടിക്കുകയില്ല. ബാബ പിന്നെയും സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങളെ മായയാകുന്ന മുതല വിഴുങ്ങുമായിരുന്നു, രക്ഷപ്പെട്ട് തിരിച്ചുവന്നത് എത്ര നന്നായി. മുറിവേറ്റു കഴിഞ്ഞാൽ പദവി കുറയുന്നു. ആരാണോ സദാ ഏകരസത്തോടെയിരിക്കുന്നത് അവർ ഒരിക്കലും വിട്ടുപോകില്ല. ഒരിക്കലും കൈ ഉപേക്ഷിക്കുകയില്ല. ഇവിടെ നിന്നും മരിച്ച് ബാബയെ ഉപേക്ഷിച്ച് മായാ രാവണന്റെതായിത്തീർന്നാൽ അവരെ മായ ഒന്നുകൂടി ശക്തമായി മർദ്ദിക്കുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളെ എത്രയാണ് അലങ്കരിക്കുന്നത്. നല്ലതായി മുന്നേറാനാണ് മനസ്സിലാക്കിത്തരുന്നത്. ആർക്കും ദു:ഖം നൽകരുത്. രക്തം കൊണ്ട് എഴുതിയവരുണ്ട് പക്ഷേ അവർ വീണ്ടും പഴയതുപോലെയായിത്തീർന്നു. മായ വളരെയധികം ശക്തിശാലിയാണ്. മൂക്കിനും ചെവിക്കും പിടിച്ച് വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇപ്പോൾ ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകുന്നു അതുകൊണ്ട് വികാരി ദൃഷ്ടിയുണ്ടാകരുത്. വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു എങ്കിൽ തീർച്ചയായും പ്രയത്നിക്കണമല്ലോ. ഇപ്പോൾ നിങ്ങൾ ആത്മാവും ശരീരവും രണ്ടും തമോപ്രധാനമാണ്. കറ പറ്റിയിരിക്കുകയാണ്. ഈ കറയെ ഭസ്മമാക്കുന്നതിനു വേണ്ടി ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കണം. നിങ്ങൾക്ക് ബാബയെ ഓർമ്മിക്കുവാൻ സാധിക്കില്ലേ, എന്താ നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ. ഓർമ്മിച്ചില്ലെങ്കിൽ മായയാകുന്ന ഭൂതം നിങ്ങളെ വിഴുങ്ങും. നിങ്ങൾ എത്ര മോശക്കാരായിത്തീർന്നു, രാവണരാജ്യത്തിൽ വികാരത്തിലൂടെ ജന്മമെടുക്കാത്തവരായി ആരും തന്നെയില്ല. അവിടെ സത്യയുഗത്തിൽ വികാരത്തിന്റെ പേരു തന്നെയില്ല, രാവണനില്ല. രാവണരാജ്യം ദ്വാപരയുഗം മുതൽക്കാണുണ്ടാകുന്നത്. പാവനമാക്കി മാറ്റുന്നയാൾ ഒരേയൊരു ബാബയാണ്. ബാബ പറയുന്നു കുട്ടികളേ ഈയൊരു ജന്മം മാത്രം നിങ്ങൾക്ക് പവിത്രമായിത്തീരണം പിന്നീട് വികാരത്തിന്റെതായ കാര്യം തന്നെയില്ല. അത് (സത്യയുഗം) നിർവ്വികാരലോകമാണ്. നിങ്ങൾക്കറിയാം നമ്മൾ പവിത്ര ദേവതകളായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്തെടുത്ത് താഴേക്ക് പതിച്ചു. ഇപ്പോൾ പതിതരാണ് അതുകൊണ്ടാണ് വിളിക്കുന്നത് ശിവബാബാ ഞങ്ങളെ വന്ന് ഈ പതിതലോകത്തിൽ നിന്നും മുക്തമാക്കൂ. ഇപ്പോൾ ബാബ വന്ന് പറയുമ്പോഴാണ് നമുക്ക് മനസ്സിലാകുന്നത് ഇത് പതിതമായ ജോലിയാണെന്ന്. ആദ്യം നിങ്ങൾ രാവണരാജ്യത്തിലാണെന്നുള്ളത് മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ ബാബ പറയുന്നു സുഖധാമത്തിലേക്കു പോകണമെങ്കിൽ അപവിത്രമാകുന്നത് ഉപേക്ഷിക്കണം. അരകല്പം നിങ്ങൾ അഴുക്കുള്ളവരായിത്തീർന്നു. ശിരസ്സിൽ ധാരാളം പാപത്തിന്റെ ഭാരമുണ്ട്, നിങ്ങൾ എന്നെ ധാരാളം ആക്ഷേപിക്കുകയും ചെയ്തു. ബാബയെ ആക്ഷേപിക്കുന്നതിലൂടെ ധാരാളം പാപം വർദ്ധിച്ചു. പക്ഷേ

ഇതും ഡ്രാമയിലുള്ള പാർട്ടാണ്. നിങ്ങൾ ആത്മാക്കൾക്കും 84 ജന്മത്തിന്റെ പാർട്ട് ലഭിച്ചിട്ടുണ്ട്, അത് അഭിനയിക്കുക തന്നെ വേണം. ഓരോരുത്തർക്കും അവരവരുടെ പാർട്ട് അഭിനയിക്കണം. പിന്നീട് എന്തിനാണ് നിങ്ങൾ കരയുന്നത്! സത്യയുഗത്തിൽ ആരും തന്നെ കരയുന്നില്ല. പിന്നീട് എപ്പോഴാണോ ജ്ഞാനത്തിന്റെ ദശ പൂർത്തീകരിക്കപ്പെടുന്നത് അപ്പോൾ വീണ്ടും കരയാനും ദു:ഖിക്കാനും ആരംഭിക്കുന്നു. മോഹാജീത്തിന്റെ കഥയെക്കുറിച്ചും നിങ്ങൾ കേട്ടിട്ടുണ്ട്. ഇത് ഒരു തെറ്റായ ഉദാഹരണമാണ് ഉണ്ടാക്കിയിരിക്കുന്നത്. സത്യയുഗത്തിൽ ആർക്കും ദുർമരണങ്ങൾ സംഭവിക്കുന്നില്ല. മോഹാജീത്താക്കി മാറ്റുന്നത് ഒരേയൊരു ബാബയാണ്. നിങ്ങൾ പരമപിതാ പരമാത്മാവിന്റെ അവകാശികളായിത്തീരുകയാണ്. ബാബയാണ് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. സ്വയത്തോടു ചോദിക്കണം നമ്മൾ ആത്മാക്കൾ ബാബയുടെ അവകാശികളാണോ? ബാക്കി ഭൗതികമായ പഠിപ്പിൽ എന്താണുള്ളത്? ഇന്നത്തെക്കാലത്തെ പതിതരായ മനുഷ്യരുടെ മുഖം പോലും കാണാൻ പാടില്ല. കുട്ടികൾക്ക് കാണിച്ചു കൊടുക്കാനും പാടില്ല. ബുദ്ധിയിൽ എപ്പോഴും മനസ്സിലാക്കണം നമ്മൾ സംഗമയുഗത്തിലാണ്. ഒരേയൊരു ബാബയെ മാത്രം ഓർമ്മിക്കണം, മറ്റാരെയും തന്നെ കണ്ടിട്ടും കാണാതിരിക്കണം. നമ്മൾക്ക് പുതിയലോകത്തെ തന്നെ വേണം കാണാൻ. നമ്മൾ ദേവതകളാവാൻ പോകുന്നവരാണ് അതുകൊണ്ട് പുതിയ സംബന്ധത്തെ തന്നെ കാണണം. പഴയ സംബന്ധങ്ങളെ കണ്ടിട്ടും കാണാതിരിക്കണം. ഇതെല്ലാം തന്നെ ഭസ്മമായിത്തീരാനുള്ളതാണ്. നമ്മൾ ഒറ്റയ്ക്കാണ് വന്നത്, ഒറ്റയ്ക്കു തന്നെ തിരികെ പോവുകയും വേണം. ബാബ ഒരേയൊരു തവണ വന്ന് തിരികെ കൊണ്ടുപോകുന്നു. ഇതിനെ ശിവബാബയോ ടൊപ്പമുള്ള വിവാഹഘോഷയാത്രയെന്നു പറയുന്നു. എല്ലാവരും ശിവബാബയുടെ മക്കളാണ്. ബാബ വിശ്വത്തിന്റെ ചക്രവർത്തിപദവി നൽകുന്നു, മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു. ആദ്യം വിഷം ചീറ്റിയിരുന്നു, ഇപ്പോൾ അമൃതാണ് പുറത്തു വരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. സ്വയത്തെ സംഗമയുഗ നിവാസിയാണെന്നു മനസ്സിലാക്കി നടക്കണം. പഴയ സംബന്ധങ്ങളെ കണ്ടിട്ടും കാണാതിരിക്കണം. ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ ഒറ്റയ്ക്കാണ് വന്നത് തിരികെ പോകുന്നതും ഒറ്റയ്ക്കാണ്.

2. ആത്മാവിനെയും ശരീരത്തെയും പവിത്രമാക്കി മാറ്റുന്നതിനായി ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രത്തിലൂടെ കാണുവാനുള്ള അഭ്യാസം ചെയ്യണം. വികാരി ദൃഷ്ടിയെ ഇല്ലാതാക്കണം. ജ്ഞാനയോഗത്തിലൂടെ സ്വയത്തെ അലങ്കരിക്കണം.

## വരദാനം:- മന്മനാഭവ സ്ഥിതിയിലിരുന്ന് അലൗകിക വിധിയിലൂടെ വിനോദം ആഘോഷിക്കുന്ന ബാബക്ക് സമാനരായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ഓർമ്മചിഹ്നം ആഘോഷിക്കുക എന്നാൽ ബാബക്ക് സമാനമാകുക. ഇത് സംഗമയുഗത്തിന്റെ മംഗളമാണ്. നല്ലപോലെ ആഘോഷിക്കൂ പക്ഷെ ബാബയുമായി മിലനം നടത്തിക്കൊണ്ട് ആഘോഷിക്കൂ. കേവലം വിനോദത്തിന് വേണ്ടിയല്ല മറിച്ച് മന്മനാഭവയായിരുന്ന് വിനോദം ആഘോഷിക്കൂ. അലൗകിക വിധിയിലൂടെ അലൗകികതയുടെ വിനോദം അവിനാശിയായി മാറുന്നു. സംഗമയുഗത്തിലെ ദീപാവലിയുടെ വിധി- പഴയ കണക്കുകൾ അവസാനിപ്പിക്കുക, ഓരോ സങ്കല്പം, ഓരോ നിമിഷവും പുതിയത് അർത്ഥം അലൗകികമായിരിക്കണം. പഴയ സങ്കല്പം, സ്വഭാവ-സംസ്കാരം, പെരുമാറ്റരീതി ഇവയെല്ലാം രാവണന്റെ കടമാണ്, ഇവയെ ഒരു ദൃഢസങ്കല്പത്തിലൂടെ സമാപ്തമാക്കൂ.

### സ്ലോഗൻ:- കാര്യങ്ങളെ നോക്കുന്നതിന് പകരം സ്വയത്തെയും ബാബയെയും നോക്കുക.